## എന്റെ ഗ്രാമം പദ്ധതിയുടെ പുതുക്കിയ മാർഗരേഖ

എം.എസ്.എം.ഇ വ്യവസായങ്ങൾക്ക് സബ്സിഡി അനുവദിക്കുന്നു. കെ.വി.ഐ.സി.യുടെ നെഗറ്റീവ് ലിസ്റ്റിലുള്ളവ ഒഴിവാക്കേണ്ടതാണ്. ആകെ യൂണിറ്റുകളുടെ 50% സ്ത്രീകൾക്കായി മാറ്റിവയ്ക്കേണ്ടതാണ്.

| ഏരിയ | ജില്ല മുഴുവൻ |
|---|---|
| പരമാവധി പ്രോജക്റ്റ് തുക | 5 ലക്ഷം രൂപ വരെ |
| മുന്നോക്ക് വിഭാഗങ്ങളിലെ പുരുഷൻമാർ ഒഴിച്ചുള്ളവരുടെ സ്വന്തം മുതൽ മുടക്ക് | പദ്ധതിയുടെ 5% |
| മുന്നോക്ക വിഭാഗങ്ങളിലെ പുരുഷൻമാരുടെ മുതൽ മുടക്ക് | 10% |
| സ്ഥാപനങ്ങൾ, സ്വയം സഹായ സംഘങ്ങൾ, സഹകരണ സംഘങ്ങൾ മുതലായവയുടെ മുതൽ മുടക്ക് | 10% |

**<u>നിബന്ധനകൾ</u>**

1) 2 ലക്ഷം രൂപ മുതൽ മുടക്കുമ്പോൾ ഒരാൾക്ക് തൊഴിൽ.

2) പുതിയ യൂണിറ്റ് ആയിരിക്കണം.

**വായ്പ ലഭ്യമാക്കുന്ന സ്ഥാപനങ്ങൾ** : നാഷണലൈസ്ഡ് ബാങ്കുകൾ, ഷെഡ്യൂൾഡ് ബാങ്കുകൾ, സഹകരണ ബാങ്കുകൾ. പ്രാഥമിക സഹകരണസംഘങ്ങൾ

1) ബോർഡ് പത്രപരസ്യം/ പത്ര കുറിപ്പ് നൽകി അപേക്ഷ ക്ഷണിക്കുന്നു.

2) താല്പര്യമുള്ളവരിൽ നിന്നും നിശ്ചിത പ്രഫോർമയിൽ അപേക്ഷ, പ്രോജക്റ്റ് റിപ്പോർട്ട്, ക്വട്ടേഷൻ, ആധാറിന്റെ കോപ്പി, വിദ്യാഭ്യാസ യോഗ്യത, തൊഴിൽ പരിചയം, ജാതി സർട്ടിഫിക്കറ്റ് (ആവശ്യമെങ്കിൽ) ഇവ സഹിതം അപേക്ഷ വാങ്ങുന്നു.

3) സാധ്യതാ പഠനം നടത്തി ജില്ലാതല സെലക്ഷൻ കമ്മിറ്റി മുമ്പാകെ വയ്ക്കുന്നു.

**<u>കമ്മിറ്റിയിലെ അംഗങ്ങൾ</u>**

1) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് - ചെയർമാൻ
2) ഖാദി ബോർഡ് മെമ്പർ - അംഗം
3)ജില്ലാ പ്ലാനിംഗ് ഓഫീസർ - അംഗം
4) ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം - അംഗം
5)ലീഡ് ബാങ്ക് മാനേജർ - അംഗം
6)പ്രോജക്റ്റ് ഓഫീസർ - കൺവീനർ

4) സെല്ക്ഷൻ കമ്മിറ്റി അപേക്ഷനുമായി അഭിമുഖം നടത്തി അംഗീകരിക്കുന്ന അപേക്ഷകൾ സർവ്വീസ് ഏരിയ ബാങ്ക്/അപേക്ഷകൻ ആവശ്യപ്പെടുന്ന ബാങ്കിലേക്ക് അയയ്ക്കുന്നു.

5) ബാങ്ക് ലോൺ പാസാക്കി ഒന്നാമത്തെ ഗഡു നൽകി ജില്ലാ ഓഫീസറെ അറിയിക്കുന്നു.

6) ജില്ലാ ഓഫീസിൽ നിന്നും വിനിയോഗം പരിശോധിച്ച് അർഹമായ സബ്സിഡി അനുവദിച്ച് രണ്ട് വർഷത്തേക്ക് ലോൺ നൽകിയ ബാങ്കിൽ സ്ഥിര നിക്ഷേപം നടത്തുന്നു.

7) യൂണിറ്റ് ആരംഭിച്ച് രണ്ടു വർഷം കഴിഞ്ഞ് ജില്ലാ ഓഫീസർ യൂണിറ്റ് ഇൻസ്പെക്ഷൻ നടത്തി മാർജിൻ മണി (സബ്സിഡി) ബാങ്ക് വായ്പയിലേക്ക് വകയിരുത്തുന്നതിനുള്ള അനുമതി ബാങ്കിന് നൽകുന്നു.

8) കോവിഡ് വ്യാപന പശ്ചാത്തലത്തിൽ നിബന്ധനകൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി ജില്ലാതല സെലക്ഷൻ കമ്മിറ്റി അഭിമുഖം നടത്തി അപേക്ഷകരെ തെരഞ്ഞെടുക്കുന്ന രീതി തല്ക്കാലത്തേക്ക് മരവിപ്പിക്കുന്നു. പകരം ബോർഡ് മെമ്പറുടെ സാന്നിദ്ധ്യത്തിൽ മെറിറ്റ്

പരിശോധിച്ച് അപേക്ഷ ബാങ്കിന് നൽകേണ്ടതാണ്. മെറിറ്റ് കണക്കാക്കുമ്പോൾ റൂറൽ ഏരിയയ്ക്ക് മുൻതൂക്കം നൽകേണ്ടതാണ്.

**സബ്സിഡി മാനദണ്ഡങ്ങൾ**

| | |
|---|---|
| പൊതുവിഭാഗത്തിന് | അടങ്കൽ തുകയുടെ 25% |
| പൊതുവിഭാഗത്തിലെ സ്ത്രീകൾ ഉൾപ്പെടെയുള്ള ഒ.ബി.സി, ഒ.ഇ.സി മുതലയാവർക്ക് | അടങ്കൽ തുകയുടെ 30% |
| എസ്.സി./എസ്.റ്റി വിഭാഗം/പ്രവാസികൾ | അടങ്കൽ തുകയുടെ 40% |

ഡയറക്ടർ ( ഗ്രാമ വ്യവസായം)          ഡയറക്ടർ(ഭരണവിഭാഗം)

ഒപ്പ്
സെക്രട്ടറി

ഒപ്പ്
വൈസ് ചെയർപേഴ്സൺ